"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇടുക്കി ചെറുതോണി ഡാമുകൾ നിബന്ധനകൾക്ക് വിധേയമായി 31.05.2024 വരെ സന്ദർശിക്കുന്നതിന് പൊതുജനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.71/2024/POWER തീയതി,തിരുവനന്തപുരം, 09-04-2024

---

പരാമർശം:-

1. സ.ഉ. (സാധാ) 233/2023/Power തീയതി 19/12/2023
2. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടി ആയ ഇടുക്കി ജില്ലാ കളക്ടറുടെ 28/12/2023 തീയതിയിലെ DCIDK/4120/2020-DM1 നമ്പർ കത്ത്.
3. 25.03.2024 ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ DGC/AEE IVI/Dam Safety/idukki dam/2022/59 നമ്പർ കത്ത്
4. 03.04.2024 ലെ കേരള ഹൈഡൽ ടൂറിസം ഡയറക്ടറുടെ KHTC/HQ/Idukki-cheruthoni/2024/97നമ്പർ കത്ത്
5. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടി ആയ ഇടുക്കി ജില്ലാ കളക്ടറുടെ 07.04.2024 തീയതിയിലെ DCIDK/4120/2020-DM1 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുന്നതിനായി നിശ്ചിത നിബന്ധനകളോടെ **31/12/2023** വരെ തുറന്ന് കൊടുത്ത് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. **31.12.2023** ന് ശേഷവും ഡാമുകളിൽ സന്ദർശനനാനുമതി നല്കാവുന്നതാണെന്ന് സൂചന (2) കത്ത് പ്രകാരം ഇടുക്കി ജില്ലാ കളക്ടർ ശുപാർശ ചെയ്തിരുന്നുവെങ്കിലും ഇടുക്കി ചെറുതോണി ഡാമുകളിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ പൊതുജനങ്ങളുടെ സുരക്ഷ മുൻനിർത്തി **01.01.2024** മുതൽ ടി ഡാമുകളിൽ പൊതുജനങ്ങൾക്ക് സന്ദർശനാനുമതി അനുവദിച്ചിരുന്നില്ല. എന്നാൽ മധ്യവേനലവധി ആരംഭിച്ചതിനാൽ ഇടുക്കി -ചെറുതോണി ഡാമുകളിൽ സന്ദർശനത്തിനായി ധാരാളം അന്വേഷണങ്ങൾ വരുന്നതിനാൽ അധിക വ്യവസ്ഥകളോടെ സന്ദർശനാനുമതി അനുവദിക്കാവുന്നതാണെന്ന് കെ.എസ്.ഇ.ബി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സൂചന (3) പ്രകാരം അറിയിക്കുകയുണ്ടായി. മദ്ധ്യവേനലവധിക്കാലം കണക്കിലെടുത്ത് **31/05/2024** വരെയുള്ള കാലയളവിൽ ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുന്നതിനായി തുറന്നുകൊടുക്കുന്നതിന്, പൊതുജനങ്ങളുടേയും ഡാമുകളുടേയും സുരക്ഷ ഉറപ്പാക്കുന്ന അധിക നിബന്ധനകളോടെ അനുവാദം നൽകാവുന്നതാണെന്ന് കേരള ഹൈഡൽ ടൂറിസം സെന്റർ ഡയറക്ടർ പരാമർശം (4) പ്രകാരവും ഇടുക്കി ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം അറിയിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുന്നതിനായി, ബുധനാഴ്ചകളിലും വെള്ളം തുറന്നുവിടേണ്ട ദിവസങ്ങളും ഒഴികെയുള്ള ദിവസങ്ങളിൽ താഴെപ്പറയുന്ന കർശന നിബന്ധനകളോടെ ഉത്തരവ് തീയതി മുതൽ **31.05.2024** വരെയുള്ള കാലയളവിൽ

തുറന്നുകൊടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഡാമിലും പരിസര പ്രദേശങ്ങളിലും മാലിന്യ സംസ്ക്കരണം നടത്തുന്നതിനു മതിയായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക .

2) ഡാമുകളുടെ പരിസരത്ത് മതിയായ താൽക്കാലിക ശുചിമുറി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക

3) ഈ കാലയളവിൽ സെക്യൂരിറ്റി ഗാർഡുകളെ അധികമായി നിയമിച്ച് സിസിടിവി ക്യാമറാ നിരീക്ഷണത്തിലൂടെയും, മെറ്റൽ ഡിറ്റക്ടറുകളുടെ സഹായത്തോടെയും, പ്രവേശനം ക്രമപ്പെടുത്തുക

4) ഡാമിന്റെ പരിസര പ്രദേശങ്ങളിൽ പ്ലാസ്റ്റിക് നിക്ഷേപിക്കുന്നത് ഒഴിവാക്കുക .

5) ജൈവമാലിന്യങ്ങൾ ദിവസേന നീക്കം ചെയ്യുക .

6) ഗ്രീൻ പ്രോട്ടോകോൾ ഉറപ്പുവരുത്തുക.

7) ഡാമിന്റേയും പരിസര പ്രദേശങ്ങളുടേയും പൂർണ്ണമായ സുരക്ഷ ഉറപ്പ് വരുത്തേണ്ടത് പ്രസ്തുത സ്ഥലത്ത് നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പൂർണ്ണമായ ഉത്തരവാദിത്തമായിരിക്കും. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ച ഗൗരവതരമായി കാണുന്നതാണ്.

8) നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്ത് ബാരിക്കേഡുകളും മറ്റും ഉപയോഗിച്ച് വർക്ക് സൈറ്റുകൾ വേർതിരിച്ച് പ്രവേശനം കർശനമായി നിയന്ത്രിക്കേണ്ടതാണ്.

9)പൊതുജനങ്ങളുടെ സുരക്ഷയുടേയും അണക്കെട്ടുകളുടെയും പരിസരപ്രദേശങ്ങളുടേയും സുരക്ഷയുടെയും പൂർണ്ണ ഉത്തരവാദിത്തം ഹൈഡൽ ടൂറിസം വകുപ്പും പോലീസും എറ്റെടുക്കേണ്ടതാണ്.

10) പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി എതെങ്കിലും ഇൻഷുറൻസുകൾ എടുക്കേണ്ടതുണ്ടെങ്കിൽ ആയതിന്റെ ചെലവ് ഹൈഡൽ ടൂറിസം സെന്റർ വഹിക്കേണ്ടതാണ്.

11) പൊതുജന പ്രവേശനം അനുവദിക്കുന്നത് നിലവിൽ ഡാമിലും പരിസരത്തും നടന്നു വരുന്ന അറ്റകുറ്റ പണികളെ ഒരു തരത്തിലും ബാധിക്കുവാൻ പാടില്ല. മൺസൂൺ ആരംഭിക്കുന്നതിന് മുമ്പ് അറ്റകുറ്റപണികൾ പൂർത്തീകരിക്കേണ്ടതിനാൽ ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി.എൽ.-ഉം ഹൈഡൽ ടൂറിസം സെന്ററും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

12) 16.09.2023 ന് ജില്ലാ കളക്ടർ നടത്തിയ യോഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ സുരക്ഷാ പ്രോട്ടോക്കോളുകളും പാലിച്ചായിരിക്കണം പൊതുജനങ്ങളുടെ പ്രവേശനം അനുവദിക്കേണ്ടത്.

13) ഒരു സമയം പരമാവധി 20 പേർക്ക് മാത്രമായി പ്രവേശനം പരിമിതപ്പെടുത്തേണ്ടതാണ്.

14) അണക്കെട്ടിന് മുകളിലൂടെ പൊതുജനങ്ങൾക്ക് പ്രവേശനാനുമതി നൽകേണ്ട റൂട്ട് വാഴത്തോപ്പിലെ ഡാം സേഫ്റ്റി ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കൂടിയാലോചിച്ചാകണം ഹൈഡൽ ടൂറിസം വകുപ്പ് അന്തിമമാക്കേണ്ടത്. ഇക്കാര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREETHY C S

ജോയിന്റ് സെക്രട്ടറി

1) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ. എസ്. ഇ. ബി. ലിമിറ്റഡ്, തിരുവനന്തപുരം.
2) ജില്ലാ കളക്ടർ & ചെയർപേഴ്സൺ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ഇടുക്കി.
3) ഡയറക്ടർ (ജനറേഷൻ-സിവിൽ), കെ. എസ്. ഇ. ബി. ലിമിറ്റഡ്, തിരുവനന്തപുരം.
4) ജില്ലാ പോലീസ് മേധാവി, ഇടുക്കി.
5) ഡയറക്ടർ, ഹൈഡൽ ടൂറിസം സെന്റർ, തിരുവനന്തപുരം.
6) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
7) അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
8) വനം വന്യജീവി (ഡി) വകുപ്പ്
9) വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
10) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreesh K P
Date: 09-04-2024 17:33:54

സെക്ഷൻ ഓഫീസർ